മനോരമ പ്രാദേശികം

പെൺമനം

വനിതകളുടെ സർഗ സൃഷ്ടികൾ വാട്സാപ് ചെയ്യുക. ആറുവരിയിൽ കൂടാത്ത കഥകളും കവിതകളുമാണ് അയയ്ക്കേണ്ടത്.
9846061289



കെ.ടി.സൽമ, പെരുമണ്ണ.

ഓർമപ്പൂക്കൾ

മുറിവു തന്ന വേദനക-
ളൊക്കെയും മറക്കണം..
ഉള്ളു തുറന്നൊന്നു കരയണം..
നല്ലോർമപ്പൂക്കൾ വാരിയെടുക്കണം..
നിറമുള്ള പൂവിലെ തേൻ നുകരണം..
ഇതളിലെ ഗന്ധമറിയണം..
പൂമ്പാറ്റയായ് പറക്കണം..
അങ്ങേറ്റമുള്ള ചില്ലയിലിരുന്ന്
ഉള്ളുതുറന്നൊന്നു ചിരിക്കണം..





കിനാക്കൾ

കടം പറഞ്ഞ
കിനാക്കൾക്ക്
ഏറെ ഭംഗിയുണ്ട്.
നാളെ വീട്ടുന്നതോർത്ത്
പിന്നെയും പിന്നെയും
നിറമുള്ള കിനാക്കൾ
മിന്നിമറയുമല്ലോ...

എം.ഷിജി, ലൊയോള സ്കൂൾ, കോഴിക്കോട്

ജില്ലാ സ്കൂൾ ശാസ്ത്രോത്സവം

സ്കൂളുകളിൽ മേമുണ്ട; ഉപജില്ലകളിൽ മുക്കം

▸▸ ശാസ്ത്രമേളയിൽ 102 പോയിന്റുമായി കോഴിക്കോട് സിറ്റി ഉപജില്ലയുടെ മുന്നേറ്റം

▸▸ ജില്ലാ സ്കൂൾ ശാസ്ത്രമേളയുടെ ഉദ്ഘാടനം പാറക്കൽ അബ്ദുല്ല എംഎൽഎ നിർവഹിച്ചു



ജില്ലാ സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹികശാസ്ത്ര പ്രവൃത്തി പരിചയ, ഐടി മേളയും വൊക്കേഷനൽ സ്കിൽ ഫെസ്റ്റിവലും വടകരയിൽ പാറക്കൽ അബ്ദുല്ല എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വടകര● ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ആദ്യദിനം പൂർത്തിയായപ്പോൾ 277 പോയിന്റുമായി മേമുണ്ട എച്ച്എസ്എസ് മുന്നേറ്റം തുടരുന്നു. 227 പോയിന്റുമായി സിൽവർ ഹിൽസ് എച്ച്എസ്എസ് രണ്ടാം സ്ഥാനത്തും 209 പോയിന്റുമായി ദേവഗിരി സാവിയോ എച്ച്എസ്എസ് മൂന്നാമതുമുണ്ട്.

ഉപജില്ലകളിൽ 718 പോയിന്റുമായി മുക്കമാണു മുന്നേറ്റം തുടരുന്നത്. 706 പോയിന്റുമായി സിറ്റി ഉപജില്ല തൊട്ടുപിന്നിലുണ്ട്. 695 പോയിന്റുമായി പേരാമ്പ്ര ഉപജില്ലയാണ് മൂന്നാമത്. ശാസ്ത്രോത്സവത്തിലെ ശാസ്ത്രമേളയിൽ 102 പോയിന്റുമായി കോഴിക്കോട് സിറ്റി ഉപജില്ല മുന്നേറുമ്പോൾ 99 പോയിന്റുമായി മുക്കം രണ്ടാമതും 98 പോയിന്റുമായി കുന്നുമ്മൽ മൂന്നാമതുമാണ്. ഗണിത ശാസ്ത്രമേളയിൽ 136 പോയിന്റുമായി തോടന്നൂർ മുന്നേറുമ്പോൾ 128 പോയിന്റുമായി സിറ്റി ഉപജില്ല തൊട്ടുപിന്നിലുണ്ട്. 125 പോയിന്റുമായി പേരാമ്പ്രയാണ് മൂന്നാമത്.

സാമൂഹിക ശാസ്ത്രമേളയിൽ 126 പോയിന്റുമായി തോടന്നൂർ മുന്നിലാണ്. 107 പോയിന്റുമായി പേരാമ്പ്ര രണ്ടാമതും 105 പോയിന്റുമായി ബാലുശ്ശേരി മൂന്നാമതുമാണ്.

പ്രവൃത്തിപരിചയ മേളയിൽ 366 പോയിന്റുമായി മുക്കത്തിന്റെ മുന്നേറ്റമാണ്. 336 പോയിന്റുമായി സിറ്റി ഉപജില്ല പിന്നിലുണ്ട്. 332 പോയിന്റുമായി പേരാമ്പ്ര മൂന്നാമതാണ്. ഐടി മേളയിൽ 73 പോയിന്റുമായി വടകര ഉപജില്ല മുന്നിലുണ്ട്. 69 പോയിന്റുമായി കുന്നുമ്മൽ രണ്ടാമതും 67 പോയിന്റുമായി ബാലുശ്ശേരി മൂന്നാമതുമാണ്.

● ജില്ലാ സ്കൂൾ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹികശാസ്ത്ര പ്രവൃത്തി പരിചയ, ഐടി മേളയും വൊക്കേഷനൽ സ്കിൽ ഫെസ്റ്റിവലും പാറക്കൽ അബ്ദുല്ല എംഎൽഎ ഉദ്ഘാടനം ചെയ്തു. വടകര നഗരസഭാ സ്ഥിരസമിതി ചെയർമാൻ വി.കെ.വിനു അധ്യക്ഷനായിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടർ സി.എസ്.അമൃത, റിസപ്ഷൻ കമ്മിറ്റി കൺവീനർ കെ.കെ. അനിൽ, വടകര നഗരസഭാ കൗൺസിലർമാരായ എം.ഫൈസൽ, ബിജുൽ ആയാടത്തിൽ, കെ.സുനിൽകുമാർ, ഹയർ സെക്കൻഡറി റീജനൽ ഡപ്യൂട്ടി ഡയറക്ടർ എസ്.സുധ, വിഎച്ച്എസ്ഇ അസി. ഡയറക്ടർ കെ.റസീന, ഹയർ സെക്കൻഡറി കോഓർഡിനേറ്റർ ഡോ.സെഡ്.എ.അൻവർ ഷമീം, വിഎച്ച്എസ്ഇ കോഓർഡിനേറ്റർ കെ.പി .ഫൈസൽ, ഡയറ്റ് പ്രിൻസിപ്പൽ യു.കെ.അബ്ദുൽ നാസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് കെ.ടി.മുഹമ്മദ് ഷരീഫ്, പ്രിൻസിപ്പൽമാരായ കെ.നിഷ, ദിനേശ് കരുവാൻകണ്ടി, വടകര ബിപിസി വി.കെ.അസീസ്, പിടിഎ പ്രസിഡന്റുമാരായ പി.വിനോദൻ, കെ.മനീഷ് എന്നിവർ പ്രസംഗിച്ചു. വടകര സെന്റ് ആന്റണീസ് എച്ച്എസ്, ബിഇഎം എച്ച്എസ്എസ്, ജെഎൻഎം എച്ച്എസ്എസ്, എംയുഎം വിഎച്ച്എസ്എസ് , ശ്രീനാരായണ എച്ച്എസ്എസ് എന്നിവിടങ്ങളിലാണ് ശാസ്ത്രോത്സവം. ജില്ലയിലെ 17 ഉപജില്ലകളിൽ നിന്നുള്ള 6000 വിദ്യാർഥികളാണ് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നത്. മേളയുടെ സമാപന സമ്മേളനം ഇന്നു വൈകിട്ട് കെ.കെ.രമ എംഎൽഎ ഉദ്ഘാടനം ചെയ്യും.



എച്ച്എസ് വിഭാഗം ക്ലേ മോഡലിങ്ങിൽ ഒന്നാം സ്ഥാനം നേടിയ ഇതിഹാസ് കൃഷ്ണപുരി

അച്ഛരാ വിജയം

▸▸ **ക്ലേ മോഡലിങ്ങിൽ ഇതിഹാസ്; വുഡ് കാർവിങ്ങിൽ രാംകിഷോർ**

വടകര ● 'മനുഷ്യനും മൃഗവും' എന്നതായിരുന്നു ജില്ലാ പ്രവൃത്തിപരിചയ മേളയിലെ കളിമൺ ശിൽപ നിർമാണത്തിന്റെ വിഷയം. പശുവിനോടു സംസാരിച്ചിരിക്കുന്ന ഉടമയുടെ ശിൽപം കളിമണ്ണിൽ മെനഞ്ഞെടുത്ത ഇതിഹാസ് കൃഷ്ണപുരിയാണ് ഒന്നാംസ്ഥാനം നേടിയത്. ശിൽപകലയിലും ചിത്രകലയിലും ഇതിഹാസിന്റെ ഗുരു അച്ഛനാണ്. ബാലുശ്ശേരി കോക്കല്ലൂർ എച്ച്എസ്എസ്സിലെ പത്താംക്ലാസ് വിദ്യാർഥിയാണ് ഇതിഹാസ്. എകരൂൽ പരപ്പിൽ രാഗേഷിന്റെയും അനുജയുടെയും മകൻ. ഇതിഹാസിന്റെ അച്ഛൻ രാഗേഷ് എകരൂലിൽ കലാദർശൻ സ്കൂൾ ഓഫ് ഫൈൻആർട്സ് എന്ന സ്ഥാപനം നടത്തുകയാണ്. ഇതിഹാസും അനിയത്തി ഏയ്ഞ്ചൽ കൃഷ്ണവേണിയും അച്ഛനു കീഴിലാണ് ചിത്രരചനയും ശിൽപനിർമാണവുമൊക്കെ പഠിക്കുന്നത്. ജലച്ചായവും എണ്ണച്ചായവും കാർട്ടൂണുമൊക്കെ ചെയ്യുന്ന ഇതിഹാസിന് ഇത്തവണ ഉപജില്ലാ കലോത്സവത്തിൽ കാർട്ടൂണിൽ ഒന്നാം സ്ഥാനവും ജലചായത്തിൽ രണ്ടാംസ്ഥാനവുമുണ്ട്. ഇതിഹാസിന്റെ അനിയത്തി എയ്ഞ്ചൽ എകരൂൽ യുപി സ്കൂളിലെ വിദ്യാർഥിയാണ്. ഇത്തവണ ഉപജില്ലാ കലോത്സവത്തിൽ എയ്ഞ്ചലിനു ജലച്ചായത്തിൽ സമ്മാനമുണ്ട്.



വുഡ് കാർവിങ്ങിൽ ഒന്നാം സ്ഥാനം നേടിയജെ.എസ്. രാംകിഷോർ

രാംകിഷോറിന്റെ വിജയം കുടുംബകാര്യം

വടകര● അച്ഛൻ മരപ്പണി ചെയ്യുന്നതു കണ്ടും സഹായിച്ചും പഠിച്ച മകന തുടർച്ചയായ രണ്ടാംവർഷവും ജില്ലാ പ്രവൃത്തിപരിചയ മേളയിൽ വുഡ് കാർവിങ്ങിൽ ഒന്നാം സ്ഥാനം. നടുവണ്ണൂർ ഗവ. എച്ച്എസ്എസ്സിലെ പത്താംക്ലാസ് വിദ്യാർഥി രാംകിഷോറാണ് മരപ്പലകയിൽ മനോഹരമായ ഡിസൈൻ കൊത്തിയെടുത്ത് ഒന്നാംസ്ഥാനം നേടിയത്. പേരാമ്പ്ര ചാലിക്കര വട്ടക്കണ്ടി സദാനന്ദന്റെയും ജോഷിലിയുടെയും മകനാണ് രാംകിഷോർ. സദാനന്ദൻ 15 വർഷത്തിലധികമായി ആശാരിപ്പണി ചെയ്യുന്നുണ്ട്. വീടിനോടു ചേർന്നുള്ള ഷെഡ്ഡിലാണ് ജോലി. അച്ഛൻ അവിടെ ജോലി ചെയ്യുമ്പോഴെല്ലാം അടുത്തുകൂടിയാണ് രാംകിഷോറും വുഡ് കാർവിങ് പഠിച്ചെടുത്തത്. രാംകിഷോറിനു മുൻപ് ഈ വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടിയത് ചേച്ചി കൃഷ്ണമീരയാണ്. ഇപ്പോൾ കൃഷ്ണമീര പാലക്കാട് ചെമ്പൈ സംഗീതകോളജിൽ ഒന്നാംവർഷ ബിരുദ വിദ്യാർഥിയാണ്.



ഷീറ്റ് മെറ്റൽ വർക്ക് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പി.എ.വാജിദ് ബിലാൽ.

ചായഗ്ലാസ് തട്ട്, പറ...ലോഹ ഉപകരണങ്ങളിൽ തിളങ്ങി വാജിദ്

വടകര● ചായ ഗ്ലാസുകൾ കൊണ്ടുപോവുന്ന തട്ടു മുതൽ അരിയളക്കുന്ന പറ വരെ പഴമയുടെ സ്പർശമുള്ള ലോഹ ഉപകരണങ്ങളുണ്ടാക്കിയാണ് പി.എ.വാജിദ് ബിലാൽ ഷീറ്റ് മെറ്റൽ വർക്ക് മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയത്. കോൽക്കളി കലാകാരനായ വാജിദ് ബിലാൽ ലോഹ പ്പാളികളിലെ നിർമാണം പഠിച്ചെടുത്തത് ഉമ്മയുടെ ശിക്ഷണത്തിലാണ്. കോഴിക്കോട് പരപ്പിൽ എംഎം വിഎച്ച്എസ്എസിലെ ഒൻപതാം ക്ലാസ് വിദ്യാർഥിയായ വാജിദ് ബിലാൽ., പന്നിയങ്കര ഇത്തംപറമ്പ് മെഹ്ഫിലിൽ യാസിർ ഗുരുക്കളുടെയും ഷംനാസിന്റെയും മകനാണ്.യ ാസിർ ഗുരുക്കൾ കോൽക്കളി കലാകാരനാണ്. പരപ്പിൽ സ്കൂളിന്റെ കോൽക്കളി ടീമിലെ അംഗമായ വാജിദ് ബിലാൽ ഡൽഹിയിൽ കഴിഞ്ഞ റിപ്പബ്ലിക് ദിന പരേഡിൽ കോൽക്കളി അവതരിപ്പിച്ച ടീമിലുണ്ടായിരുന്നു. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ കോൽക്കളി സ്കോളർഷിപ് ജേതാവുമാണ് വാജിദ്.



ന്യൂട്രീഷ്യസ് ഫുഡ് ഐറ്റംസ് ആൻഡ് വെജിറ്റബിൾ ഫ്രൂട്ട് പ്രിസർവേഷൻ മത്സരത്തിനിടെ കേടായ മണ്ണെണ്ണ സ്റ്റൗ അധ്യാപകരും രക്ഷിതാക്കളും ചേർന്നു നന്നാക്കുന്നു. *ചിത്രം: മനോരമ*

മാന്വലിലെ വിചിത്ര നിർദേശം

മണ്ണെണ്ണ സ്റ്റൗ പുകഞ്ഞു, ചുമച്ചുവലഞ്ഞ് വിദ്യാർഥികൾ

വടകര● ശാസ്ത്രോത്സവ മാന്വലിലെ വിചിത്ര നിർദേശത്തിൽ പുകഞ്ഞു ചുമച്ചു കുട്ടികൾ. പ്രവൃത്തിപരിചയ മേളയിലെ 'ചെലവു ചുരുങ്ങിയ പോഷകാഹാര വിഭവങ്ങളും പച്ചക്കറി പഴവർഗ സംസ്കരണ വിഭവങ്ങളും' എന്ന വിഭാഗത്തിലാണ് കുട്ടികളെയും സംഘാടകരെയും വെട്ടിലാക്കുന്ന നിർദേശമുള്ളത്. മത്സരത്തിനു വരുന്ന കുട്ടികൾ തിരിയുള്ള മണ്ണെണ്ണ സ്റ്റൗ ഒരെണ്ണം മാത്രമേ ഉപയോഗിക്കാവൂ എന്നാണ് മാന്വലിൽ പറഞ്ഞിരിക്കുന്നത്. ഇൻഡക്ഷൻ കുക്കറോ പ്രഷർ കുക്കറോ പോലുള്ളവ ഉപയോഗിക്കരുതെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇതുകാരണം വിദ്യാർഥികൾ പഴയ മണ്ണെണ്ണ സ്റ്റൗവാണ് മത്സരത്തിനു കൊണ്ടുവന്നത്. എല്ലാ കുട്ടികളും മണ്ണെണ്ണ സ്റ്റൗ കത്തിച്ചതോടെ മത്സരം നടക്കുന്ന അഞ്ചോളം ക്ലാസ് മുറികളിലും വരാന്തകളിലും മണ്ണെണ്ണ കരിയുന്ന മണം പരന്നു. ഇതു പലർക്കും അസ്വസ്ഥതയുണ്ടാക്കി. മത്സരം പകുതിയായപ്പോഴേക്കും കുറ്റ്യാടി ജിഎച്ച്എസ്എസിൽ നിന്നുള്ള മാനസ സുരേഷിന്റെ സ്റ്റൗവിലെ തീയണഞ്ഞു. കരടു കുടുങ്ങിയതായിരുന്നു കാരണം. സ്റ്റൗ പുറത്തുകൊണ്ടുവന്ന് അധ്യാപകർ ചേർന്ന് കുറെ സമയമെടുത്ത് വൃത്തിയാക്കിയ ശേഷമാണ് വീണ്ടും മത്സരിച്ചത്. കാലത്തിനനുസരിച്ച് ശാസ്ത്രോത്സവ മാനുവൽ പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണെന്നും മണ്ണെണ്ണ കിട്ടാനില്ലാത്ത കാലത്ത് കാലത്തിനനുസരിച്ചു കുട്ടികളുടെ മത്സരം പുനഃക്രമീകരിക്കണമെന്നു സംഘാടകരും പറഞ്ഞു.

WANTED

Assistant Professor in Mathematics &
Assistant Professor in Social Science

Eligibility Criteria : Qualification as per NCTE and Calicut University norms.

Interested Candidates should submit their CV to the following address or email, within 7 days from the date of this advertisement.

**Principal,
AWH College of Education
Cheruvannur, Feroke – PO
Calicut – 673631, Ph: 0495 2934356
Email:
awhcollegeofeducation@rediffmail.com**

MOB
MANIPAL OLD BUNCH
Reunion 2026

The Mob Meet KANNUR 2026

Dear MOB Family
It's time to reconnect, reminisce, and relive the good old manipal days! Join us for MOB Reunion 2026 in Kannur.

VENUE: **Kannur Club** | DATE: **14 November** | TIME: **3 PM on wards**

Let's come together for an evening filled with memories, laughter, and friendships that stood the test of time.

Why You Shouldn't Miss It?
- Meet your old friends & batchmates
- Relive college memories
- Network & reconnect
- Great food, music & entertainment
- Special highlights and surprises!

Convenor : George Michael 94474 83710, 6238643719

വാർത്താവായന മത്സരം:

എൽസ്ന, നവൽഷാൻ വിജയികൾ



കെ.നവൽഷാൻ , എൽസ്ന രാജേഷ്

വടകര ● ജില്ലാ സാമൂഹികശാസ്ത്ര മേളയുടെ ഭാഗമായി നടന്ന വാർത്താവായന മത്സരത്തിൽ എച്ച്എസ്എസ് വിഭാഗത്തിൽ എൽസ്ന രാജേഷ് (കൂരാച്ചുണ്ട് സെന്റ് തോമസ് എച്ച്എസ്എസ്) ഒന്നാം സ്ഥാനവും സഫ നിലോഫർ (പുതുപ്പണം ജെഎൻഎംഎച്ച്എസ്എസ്) രണ്ടാം സ്ഥാനവും നേടി.

ഹൈസ്കൂൾ വിഭാഗത്തിൽ കെ.നവൽഷാൻ (ചക്കാലക്കൽ എച്ച്എസ്എസ്, മടവൂർ) ഒന്നാം സ്ഥാനവും എസ്.എ.അർഷാന നഫ്രിൻ (ചാലപ്പുറം ഗവ.മോഡൽ എച്ച്എസ്എസ്) രണ്ടാം സ്ഥാനവും നേടി.

മത്സര വിജയികൾക്കുള്ള പുരസ്കാരസമർപ്പണം ശ്രീ നാരായണ എച്ച്എസ്എസ് പ്രിൻസിപ്പൽ ദിനേശ് കരുവാങ്കണ്ടി നിർവഹിച്ചു. ദിനേശൻ പേരാമ്പ്ര അധ്യക്ഷത വഹിച്ചു.

കെ.പി.മനോജ് കുമാർ, കെ.ദിനേശൻ, പി.ദീപ, സുമേഷ് ചേർത്തല എന്നിവർ പ്രസംഗിച്ചു.



എച്ച്എസ് വിഭാഗം വർക്കിങ് മോഡൽ മത്സരത്തിൽ എഐ റോബട്ടിനെ അവതരിപ്പിച്ച മുഹമ്മദ് ഇഷാനും അലൻ അലക്സി അനിലും. *ചിത്രം: മനോരമ*

ഹോം നഴ്സിന് പകരം പരിചരണത്തിന് ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ

വടകര● പുതുതലമുറ വിദേശത്തേക്ക് പറക്കുമ്പോൾ പ്രായമായവർ ഒറ്റയ്ക്കു താമസിക്കുന്ന വീടുകളുടെ എണ്ണം കൂടിവരികയാണ്. വീട്ടിൽ ഒറ്റയ്ക്കിരിക്കുന്ന അച്ഛനും അമ്മയ്ക്കും കൃത്യസമയത്ത് മരുന്ന് എടുത്തുകൊടുക്കാൻ 'ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ' അത്യാവശ്യമാണ്.

ഹോം നഴ്സിനു പകരം വീടുകളിൽ ഉപയോഗിക്കാവുന്ന എഐ റോബട്ടിനെയാണ് ചേവായൂർ പ്രസന്റേഷൻ എച്ച്എസ്എസ്സിലെ മുഹമ്മദ് ഇഷാനും അലൻ അലക്സി അനിലും ശാസ്ത്രമേളയിൽ അവതരിപ്പിച്ചത്.

മെഡ്ര ബോട്ട് എന്നാണ് ഇഷാന്റെയും അലന്റെയും റോബട്ടിന്റെ പേര്. മുൻവശത്ത് ഘടിപ്പിച്ച ഡിസ്പ്ലേയിൽ എഐ വഴി മരുന്നിന്റെ ആവശ്യം അറിയിക്കാം. കൃത്യസമയത്ത് മരുന്നുമായി മെഡ്ര ബോട്ട് എത്തും. മരുന്നു നൽകും. ഇതിനായി എഐ സാങ്കേതികവിദ്യ വികസിപ്പിച്ചതും ഇഷാനും അലനുമാണ്.

പിന്നാലെ വരും; സ്മാർട് ട്രോളി

വടകര● സൂപ്പർമാർക്കറ്റിൽ അലമാരകൾക്കിടയിലൂടെ നടക്കുമ്പോൾ ട്രോളി പിന്നാലെ സ്വയം ഉരുണ്ടുവന്നാലോ? ട്രോളിയിലേക്ക് എടുത്തിടുന്ന സാധനങ്ങളെ ട്രോളി തന്നെ ബില്ലടിക്കുന്നു. ഷോപ്പിങ് കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ ട്രോളി പറയുന്ന തുക ജിപേ വഴി നൽകാനും കഴിഞ്ഞാൽ അടിപൊളിയല്ലേ ? ഇത്തരമൊരു സ്മാർട് ട്രോളിയാണ് കോടഞ്ചേരി കണ്ണോത്ത് സെന്റ് ആന്റണീസ് എച്ച്എസ്എസ്സിലെ പത്താംക്ലാസുകാരൻ എ.എൽ.ഋതുനന്ദും ഒൻപതാം ക്ലാസുകാരൻ മുഹമ്മദ് ജാസിലും ശാസ്ത്രമേളയിൽ അവതരിപ്പിച്ചത്. സ്മാർട് ട്രോളിയിലെ ക്യാമറ മോഷൻ സെൻസറുള്ളതാണ്. മുന്നിൽ നടക്കുന്നയാളുടെ അടുത്തേക്ക് ട്രോളി തനിയെ നീങ്ങിയെത്താൻ ഇതു സഹായിക്കും. ഇതിനൊപ്പം ഭാരമളക്കാനുള്ള സെൻസറും ബില്ലിങ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. നെക്സ്റ്റ് ജനറേഷൻ ഓട്ടമേറ്റഡ് റീട്ടെയിൽ ലഗേജ് അസിസ്റ്റൻസ് സിസ്റ്റം എന്നാണ് തങ്ങളുടെ സ്മാർട്ട് ട്രോളിയെ കുട്ടികൾ വിശേഷിപ്പിക്കുന്നത്.



എച്ച്എസ് വിഭാഗം വർക്കിങ് മോഡൽ മത്സരത്തിൽ സ്മാർട് ട്രോളി അവതരിപ്പിച്ച എ.എൽ.ഋതുനന്ദും മുഹമ്മദ് ജാസിലും. *ചിത്രം: മനോരമ*



എച്ച്എസ് വിഭാഗം പപ്പറ്റ് നിർമാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ എ.ആർ. ദേവിക (ജിഎച്ച്എസ്എസ് മെഡിക്കൽ കോളജ് ക്യാംപസ്)

തനിനാടൻ വിഭവങ്ങൾ തയാർ

വടകര● മേശപ്പുറത്ത് വിരിച്ചുവച്ച വലിയൊരു ചേമ്പില. അതിനകത്ത് കുഞ്ഞു കുഞ്ഞു മൺപാത്രങ്ങൾ. പണ്ടുകാലത്ത് നാട്ടിൻപുറങ്ങളിൽ കഴിച്ചുശീലിച്ച പച്ചിലകളും കിഴങ്ങുകളും കൊണ്ടുള്ള വിവിധ ഭക്ഷണങ്ങൾ. കൊടിയത്തൂർ പിടിഎം എച്ച്എസ്സിലെ എം.അറഫ ഹജറയാണ് തനിനാടൻ വിഭവങ്ങളുമായി ന്യൂട്രീഷ്യസ് ഫുഡ് ഐറ്റംസ് ആൻഡ് വെജിറ്റബിൾ ഫ്രൂട്ട് പ്രിസർവേഷൻ മത്സരത്തിനെത്തിയത്.കഞ്ഞിക്കൂവ താളിപ്പും മഷ്റൂം പായസവും മാങ്ങ അച്ചാറും ചേമ്പില സൂപ്പുമാണ് അറഫയുണ്ടാക്കിയ പ്രധാന വിഭവങ്ങൾ. മൾബറി ഇല തോരനും തക്കാളി സോസും കാരറ്റ് ലഡുവും മൾബറി ജാമുമടക്കമുള്ള വൈവിധ്യങ്ങളാണ് മറ്റു പാത്രങ്ങളിൽ നിറച്ചത്.



ന്യൂട്രീഷ്യസ് ഫുഡ് ഐറ്റംസ് ആൻഡ് വെജിറ്റബിൾ ഫ്രൂട്ട് പ്രിസർവേഷൻ മത്സരത്തിൽ വിഭവം ഒരുക്കുന്ന എം.അറഫ ഹജറ. *ചിത്രം: മനോരമ*

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട്– 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ– ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര്/ വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് (1) **M/s സ്കില്ലേഴ്സ് മാർക്കറ്റിംഗ്**, പ്രൊപ്രൈറ്റർ: നൂമാൻ മരക്കാർ, T P 6/854, കാരങ്ങാട്, താമരശ്ശേരി- 673573 (2) **ശ്രീ. നൂമാൻ മരക്കാർ.എൻ**, നിഹ്മ, നേരോത്ത്, മങ്ങാട് പി.ഒ, ഉണ്ണികുളം വഴി, കോഴിക്കോട്- 673574 (3) **ശ്രീ. നേരോത്ത് മരക്കാർ**, (ജാമ്യക്കാരൻ) നിഹ്മ, നേരോത്ത്, മങ്ങാട് പി.ഒ, ഉണ്ണികുളം വഴി, കോഴിക്കോട്- 673574	കോഴിക്കോട് ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ ഉണ്ണികുളം വില്ലേജിൽ, പോനൂർ ദേശം, സർവേ നം. 15/5, റീ സർവേ നം. 122/2ൽപ്പെട്ട ശ്രീ. നേരോത്ത് മരക്കാർ വക 222.50 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും മറ്റ് ചമയങ്ങളും. **അതിരുകൾ താക്ക് 1: കിഴക്ക്**: തന്നിൽ ശേഷവും ഇതിലെ രണ്ടാം താക്ക് സ്ഥലവും; **തെക്ക്**: ഇടവഴി; **പടിഞ്ഞാറ്**: ഇടവഴി; **വടക്ക്**: തന്നിൽ ശേഷം സ്ഥലം. **താക്ക് 2: കിഴക്ക്**: തന്നിൽശേഷം; **തെക്ക്**: ഇടവഴി; **പടിഞ്ഞാറ്**: ഇതിലെ ഒന്നാം താക്ക്; **വടക്ക്**: തന്നിൽ ശേഷം.	(എ) 13(2) - 24.07.2020 (ബി) 30.09.2026ലെ രൂപ 1,91,83,417.14 യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 17-03-2021 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 183.60 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 18.36 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
2	ശാഖ: ARMB കോഴിക്കോട് **ശ്രീ. അബ്ദുൾ അസീസ് ആതന്റവിട**, S/o അബ്ദുള്ള ആതന്റവിട, വടക്കേ ചേരുത്ത് ഹൗസ്, കല്ലാച്ചി പി.ഒ, കോഴിക്കോട്- 673504	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, നാദാപുരം വില്ലേജിൽ, കുറ്റിപ്രം ദേശത്ത്, റീ സർവ്വേ നം. 18/1 ൽ പെട്ട ശ്രീ.അബ്ദുൾ അസീസ് ആതന്റവിട പേരിലുള്ള 6.12 ആർസ് (15.12 സെന്റ്) സ്ഥലവും അതിലിരിപ്പ് വീടും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്**: കോടുത്ത് മീതൽ പറമ്പ്, **വടക്ക്**: ഞങ്ങൾ സൈനബക്ക് ധനനിശ്ചയം ചെയ്ത സ്ഥലം, **പടിഞ്ഞാറ്**: മാവാട്ട് കുളങ്ങര പറമ്പ് **തെക്ക്**: കല്ല് വിലങ്ങ് പറമ്പ്.	(എ) 13(2) - 28.02.2025 (ബി) 30.09.2026ലെ രൂപ 62,94,998.46 യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 28.05.2025 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 71.66 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 7.166 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
3	ശാഖ: ARMB കോഴിക്കോട് (1) **M/s സീയെം ഇലക്ട്രിക്കൽസ് & പ്ലംബിംഗ്**, പ്രൊപ്രൈറ്റർ: ശ്രീ. അബ്ദുൾ ലത്തീഫ് എം കെ, XVIII/872, കോഴിക്കോട് - വയനാട് റോഡ്, ഈങ്ങാപ്പുഴ, പുതുപ്പാടി പി ഒ, കോഴിക്കോട്, പിൻ- 673574, (2) **ശ്രീ. അബ്ദുൾ ലത്തീഫ് എം കെ**, മാണിക്കുന്നുമ്മൽ, വട്ടിക്കുന്നുമ്മൽ കോളിക്കൽ, ഉണ്ണികുളം പി ഒ, പിൻ- 673574, (3) **ശ്രീമതി. സൈനബ** (ജാമ്യക്കാരി), W/o മുഹമ്മദ്, മാണികുന്നുമ്മൽ വീട്, ഉണ്ണികുളം പി ഒ, കെടവൂർ വില്ലേജ്, കോഴിക്കോട്, പിൻ- 673574	കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിൽ, കെടവൂർ വില്ലേജിൽ, പൂനൂർ ദേശം, റീ സർവ്വേ നം. 28, പഴയ സർവ്വേ നം. 74/1 ൽ പെട്ട ശ്രീമതി സൈനബ വക 29 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: 2 അടി വീതിയുള്ള വഴിയും നഫീസ വക വസ്തുവും; **തെക്ക്**: 1 മീറ്റർ വീതിയുള്ള റോഡ്; **പടിഞ്ഞാറ്**: മജീദ് വക വസ്തു; **വടക്ക്**: തോട്.	(എ) 13(2) - 03.08.2022 (ബി) 30.09.2026ലെ രൂപ 29,13,638.50 യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 28.10.2022 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 20.25 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 2.025 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
4	ശാഖ: ARMB കോഴിക്കോട് **ശ്രീ.കിഴക്കയിൽ അരവിന്ദാക്ഷൻ, ശ്രീമതി.ജെസ്സി മണപാട്ടി**, (സഹ വായ്പക്കാരി) **ശ്രീ.അരുൺ അരവിന്ദ്**, (സഹ വായ്പക്കാരൻ) **ശ്രീ.അതുൽ അരവിന്ദ്** (പരേതനായ ശ്രീ.കിഴക്കയിൽ അരവിന്ദാക്ഷന്റെ നിയമാനുസൃത അവകാശി) എല്ലാവരും താമസം: അർജുന ചന്ദ്രകാന്തിയിൽ, വില്യാപ്പിള്ളി, വടകര, കോഴിക്കോട്- 673542.	കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ, തിരുമന ദേശം & വില്യാപ്പള്ളി അംശത്തിൽ വില്യാപ്പള്ളി വില്ലേജിൽ, റീ.സർവ്വേ നം. 51/5ൽ പെട്ട ശ്രീ.അരവി ന്ദാക്ഷൻ, ശ്രീമതി.ജെസ്സി മണപ്പാട്ടി & ശ്രീ.അരുൺ അരവിന്ദ് എന്നിവരുടെ പേരിലുള്ള 20.30 ആർസ് (50.10 സെന്റ്) [9.81 ആർസ് + 1.41 ആർസ് + 1.19 ആർസ് + 5.66 ആർസ് + 1.30 ആർസ് + 0.92 ആർസ് = 20.30 ആർസ്] സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ**:	(എ) 13(2) -27.09.2017 (ബി) 30.09.2026ലെ രൂപ 2,61,26,095.06 യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 25-07-2018 (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 95.20 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 9.52 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
	(**ഐറ്റം നം.1: 9.81 ആർസ്**): **താക്ക്– 1: കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ 2-ാം താക്കിലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: വസ്തുവിന്റെ ബാക്കി ഭാഗം; **തെക്ക്**: വസ്തുവിന്റെ ബാക്കി ഭാഗം. **താക്ക്– 2: കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: ഇതിൽ ഐറ്റം നം.1 വസ്തുവിലെ ബാക്കി ഭാഗം,**തെക്ക്**: ഇതിലെ 1-ാം താക്കിലെ വസ്തുവിന്റെ ബാക്കി ഭാഗം. (**ഐറ്റം നം. 2: 1.41 ആർസ്**): **കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ ഐറ്റം നം.3 ലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: ഭാഗാധാരത്തിലെ ബി പട്ടികയിലെ ഐറ്റം നം.2 ലെ 2-ാം താക്കിലെ ബാക്കി ഭാഗം; **തെക്ക്**: ഐറ്റം നം.1 വസ്തുവിലെ 2-ാം താക്കിലെ ബാക്കി ഭാഗം. (**ഐറ്റം നം.3: 1.19 ആർസ്**): **കിഴക്ക്**: പാറപ്രദേശം; **വടക്ക്**: പാറപ്രദേശം & 6 അടി വീതിയുള്ള സ്വകാര്യ റോഡ്, **പടിഞ്ഞാറ്**: ഭാഗാധാരത്തിലെ ബി പട്ടികയിലെ ഐറ്റം നം.3 ലെ ബാക്കി ഭാഗം; **തെക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം. (**ഐറ്റം നം. 4: 5.66 ആർസ്**): **കിഴക്ക്**: ഭാഗാധാരത്തിലെ സി പട്ടികയിലെ ഐറ്റം നം.1 ലെ 2-ാം താക്കിലെ ബാക്കി ഭാഗം; **വടക്ക്**: ഇതിലെ ഐറ്റം നമ്പർ 2-ന്റെ ബാക്കി ഭാഗവും അനുവദിച്ച വസ്തുവും, **പടിഞ്ഞാറ്**: ചെറിയ മടപ്പള്ളി പറമ്പ്; **തെക്ക്**: സദാനന്ദന് അനുവദിച്ച വസ്തുവിന്റെ ബാക്കി ഭാഗം. (**ഐറ്റം നം. 5: 1.30 ആർസ്**): **കിഴക്ക്**: ഭാഗാധാരത്തിലെ സി പട്ടികയിലെ ഐറ്റം നം.2 ലെ ബാക്കി ഭാഗം; **വടക്ക്**: ഐറ്റം നമ്പർ 3-ന്റെ ബാക്കി ഭാഗവും മറ്റുള്ളവർ കൈവശം വസ്തുവും, **പടിഞ്ഞാറ്**: പീതാംബരന് അനുവദിച്ച വസ്തുവിന്റെ ബാക്കി ഭാഗം. **തെക്ക്**: ഐറ്റം നം.1 ലെ ബാക്കി ഭാഗം. (**ഐറ്റം നം.6: 0.92 ആർസ്**): **കിഴക്ക്**: സി പട്ടികയിലെ ഐറ്റം നം.3 ലെ ബാക്കി ഭാഗം; **വടക്ക്**: പാറപ്രദേശം, **പടിഞ്ഞാറ്**: മറ്റുള്ളവർ കൈവശം വസ്തുവിന്റെ ബാക്കി ഭാഗം, **തെക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം.		

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ– ലേല തീയതിയും സമയവും: 26-11-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **25-11-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **24-11-2026**

ഇ– ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ- ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **26-11-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 06-11-2026,
സ്ഥലം: കോഴിക്കോട്

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ